പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3898

21/06/2018 - ൽ മറുപടിക്ക്

## ഭവന നിർമ്മാണത്തിനായി സഹകരണ വകുപ്പ് ആവിഷ്കരിച്ച് വരുന്ന പദ്ധതികൾ

ചോദ്യം

ശ്രീ.എസ്.ശർമ്മ
ശ്രീ.എ. എൻ. ഷംസീർ
ശ്രീ.എം. നൗഷാദ്
ശ്രീ.വി. അബ്ദുറഹിമാൻ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| എ) | ഭവന നിർമ്മാണത്തിനായി സഹകരണ വകുപ്പ് ആവിഷ്കരിച്ച് വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് ഭവന നിർമ്മാണത്തിനായി സഹകരണ വകുപ്പ് പ്രത്യേക ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നില്ല.എന്നാൽ സഹകരണ സംഘങ്ങൾ അവയുടെ നിയമാവലിക്കും ഉപനിബന്ധനകൾക്കും വിധേയമായി ഭവന നിർമ്മാണത്തിനും ഭവനങ്ങൾ വാങ്ങുന്നതിനും വായ്പ അനുവദിക്കുന്നു.കൂടാതെ വീട് പുതുക്കലിനും അറ്റകുറ്റ പണികൾക്കും വായ്പ നൽകി വരുന്നു.തദ്ദേശ സ്വയം ഭരണവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയിട്ടുള്ള ഇ.എം.എസ് ഭവന വായ്പ പദ്ധതിയിലും ഇന്ദിര ആവാസ് യോജന പദ്ധതിയിലും ഭവനശ്രീ പദ്ധതിയിലും സഹകരണ സംഘങ്ങൾ വായ്പ നൽകി പങ്കാളിത്തം വഹിക്കുന്നു. |
| ബി) | ഏതെല്ലാം സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | ഹൗസിംഗ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ബാങ്കുകൾ ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കുകൾ, ഹൗസ്ഫെഡ് എന്നിവിടങ്ങളിൽ നിന്നും അംഗങ്ങൾക്ക് ഭവന വായ്പ അനുവദിക്കുന്നു. ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ നാഷണൽ ഹൗസിംഗ് ബാങ്ക്, |

| | | | |
|---|---|---|---|
| | | | കാനറാബാങ്ക്, ഫെഡറൽ ബാങ്ക്, എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ദീർഘകാല വായ്പയെടുത്താണ് കേരള സംസ്ഥാന സഹകരണ ഭവന നിർമ്മാണ ഫെഡറേഷന്റെ വായ്പാ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സ്വരൂപിക്കുന്നത്. ഇതിനു പുറമേ എല്ലാ വർഷവും സർക്കാരിൽ നിന്നും ഓഹരി മൂലധന വിഹിതവും ലഭിക്കുന്നു. |
| സി) | ഈ രംഗത്ത് കേരള സംസ്ഥാന സഹകരണ ഭവനനിർമ്മാണ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | സി) | വായ്പക്കാരന്റെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും, മദ്ധ്യ വരുമാന വിഭാഗങ്ങളിലുള്ളവർക്കും യഥാക്രമം 12%, 12.5% പലിശ നിരക്കിൽ പുതിയ വീട് നിർമ്മിക്കുന്നതിന് 15 ലക്ഷം രൂപയും വീടിന്റെ അറ്റകുറ്റപണികൾക്കായി പരമാവധി 7.50 ലക്ഷം രൂപയും ഭവന വായ്പയായി നൽകി വരുന്നു. |
| ഡി) | പ്രസ്തുത പദ്ധതിയ്ക്കായി നടപ്പ സാമ്പത്തിക വർഷം എത്ര തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ഡി) | നടപ്പ സാമ്പത്തിക വർഷം ഓഹരി മൂലധന വിഹിതമായി കേരള സംസ്ഥാന സഹകരണ ഭവന നിർമ്മാണ ഫെഡറേഷന് 561 ലക്ഷം രൂപയും, പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് 50 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ